# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 19 | 2019 |
|---|---|



### ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

## സന്നിധാനത്തിന്റെ സുരക്ഷയ്ക്ക് അത്യന്താധുനിക സംവിധാനങ്ങള്

അതീവ സുരക്ഷാ മേഖലയായ ശബരിമലയുടെ സുരക്ഷിതത്വം ഉറപ്പാക്കാന് അത്യന്താധുനിക യന്ത്ര സാമഗ്രികളും പരിശീലനം നേടിയ സേനാംഗങ്ങളുമായി നിതാന്ത ജാഗ്രതയിലാണ് സന്നിധാനത്തെ ബോംബ് സ്ക്വാഡ്. അമേരിക്കയില് നിന്ന് ഇറക്കുമതി ചെയ്ത മൂന്നരക്കോടി രൂപയുടെ സുരക്ഷാ ഉപകരണങ്ങളാണ് സംസ്ഥാന പോലീസ് വകുപ്പ് ശബരിമലയില് ഉപയോഗിക്കുന്നത്.

നിലയ്ക്കല്, പമ്പ, സന്നിധാനം തുടങ്ങി തീര്ത്ഥാടന

പാതയിലെങ്ങും അതീവ ജാഗരൂകരായി പോലീസിന്റെ സുരക്ഷാ ഭട•ാരുണ്ട്. പ്ലാപ്പള്ളിയിലും നിലയ്ക്കലിലും ട്രോളി മിറര് പോലുള്ള സാങ്കേതിക സംവിധാനങ്ങളുപയോഗിച്ചാണ് വാഹന പരിശോധന. പമ്പാ ഗണപതി ക്ഷേത്രത്തിന്റെ പടി കയറാന് തുടങ്ങുന്നിടത്തു തന്നെ ഭക്തജനങ്ങളെ സുരക്ഷാ പരിശോധനയ്ക്ക് വിധേയരാക്കും. ബോഡി ചെക്കിംഗ്, ഗാര്ഡ് റൂം, ബാഗേജ് സ്കാനര് എന്നീ പരിശോധനകള്ക്ക് ശേഷമേ ഭക്തര്ക്ക് കടന്നു പോകാനാവൂ. നീലിമലയിലും മരക്കൂട്ടത്തും വീണ്ടും പരിശോധനയുണ്ടാവും. നടപ്പന്തലിലെത്തിയാല് അവിടെയും ബാഗേജ്, ബോഡി ചെക്കിംഗ് ഉണ്ട്. പുല്ലുമേട് വഴിവരുന്നവര്ക്ക് പാണ്ടിത്താവളത്തും വാവരുടെ നടയിലും പരിശോധനാ വിധേയരാവേണ്ടതുണ്ട്.

ഡോര് ഫ്രെയിം മെറ്റല് ഡിറ്റക്ടര്, ഹാന്ഡ് ഹെല്ഡ് മെറ്റല് ഡിറ്റക്ടര്, മൈന് സ്വീപ്പര്, എക്സ്പ്ലോസീവ് ഡിറ്റക്ടര്, പോര്ട്ടബിള് എക്സ് റേ മെഷീന്, തെര്മല് ഇമേജിംഗ് ക്യാമറ, എക്സ് റേ ബാഗേജ് സ്കാനര്, നോണ് ലീനിയര് ജംഗ്ഷന് ഡിറ്റക്ടര്, ബോംബ് സ്യൂട്ട്, എക്സ്റ്റഷന് മിറര്, റിയല് ടൈം വ്യൂയിംഗ് സിസ്റ്റം, ഒരു കിലോ മീറ്ററോളം വെളിച്ചം പ്രസരിപ്പിക്കുന്ന കമാന്ഡോ ടോര്ച്ചുകള് തുടങ്ങി അത്യന്താധുനിക സംവിധാനങ്ങളാണ് പോലീസ് വകുപ്പ് ശബരിമലയുടെ സുരക്ഷിതത്വത്തിന് മാത്രമായി ഉപയോഗിക്കുന്നത്.

എട്ടു മുതല് പത്തുലക്ഷം രൂപ വരെയാണ് മൈന് സ്വീപ്പറിന്റെ വില. എവിടെയെങ്കിലും സ്ഫോടനം നടന്നാല് ഏത് സ്ഫോടക വസ്തുവാണെന്ന് കണ്ടെത്തുന്നതിനുള്ള ഉപകരണമാണ് എക്സ്പ്ലോസീവ് ഡിറ്റക്ടര്. എവിടെയെങ്കിലും സ്ഫോടക

വസ്തുവിന്റെ സാന്നിധ്യം അറിഞ്ഞാല് അതിനെ സ്കാന് ചെയ്ത് ഫ്യൂസ് കണ്ടെത്തി നിര്വീര്യമാക്കുന്ന ഉപകരണമാണ് പോര്ട്ടബ്ള് എക്സ് റേ മെഷീന്. ദൂരെയിരുന്ന്  വയര് കട്ട് ചെയ്യാവുന്ന റിമോട്ട് വയര് കട്ടറുമുണ്ട്.

രാത്രിയായാലും പകലായാലും മറഞ്ഞു നില്ക്കുന്ന അക്രമിയുടെ താപം സ്വാംശീകരിച്ച് ചിത്രമെടുക്കുന്ന ക്യാമറയാണ് തെര്മല് ഇമേജിംഗ് ക്യാമറ. വൈദ്യുതി വിതരണ സംവിധാനത്തിലൂടെ ആസൂത്രണം ചെയ്യപ്പെട്ടേക്കാവുന്ന സ്ഫോടനങ്ങള് മുന്കൂട്ടി കണ്ടു പിടിക്കുന്നതിനാണ് നോണ് ലീനിയര് ജംഗ്ഷന് ഡിറ്റക്ടര് ഉപയോഗിക്കുന്നത്. സെമി കണ്ടക്ടറുകളുടെ സാന്നിധ്യം കണ്ടുപിടിക്കാനും ഇതുപയോഗിക്കാം.

ബോംബ് സ്യൂട്ടിന് 110 കിലോഗ്രാം ഭാരം വരും. ഹെല്മറ്റ്, കമ്യൂണിക്കേഷന് ഉപകരണങ്ങള് എന്നിവ ഇതിനൊപ്പമുണ്ടാകും. ബോംബ് നീക്കം ചെയ്യേണ്ടി വരുമ്പോള് ബോംബിനടുത്ത് പോകുന്നയാള് ധരിക്കുന്നതാണിത്.

ഈ ഉപകരണങ്ങളുമായി ശബരിമലയുടെ മുക്കിലും മൂലയിലും സേനാംഗങ്ങള് 24 മണിക്കൂറും റാന്ഡം പട്രോളിംഗ് നടത്തുന്നുണ്ട്.

എക്സ്പ്ലോസീവ് രംഗത്ത് പ്രത്യേക പരിശീലനം നേടിയ പോലീസ് സേനാംഗങ്ങളാണ് ശബരിമലയില് ഡ്യൂട്ടിക്ക് നിയുക്തരായിട്ടുള്ളവരെല്ലാം. കേരളത്തിലും കേരളത്തിനു പുറത്തും പ്രത്യേക പരിശീലനം ലഭിച്ച വിദഗ്ദ്ധരാണിവര്.

പത്തനംതിട്ട എസ്.പിയുടെ കസ്റ്റഡിയിലാണ് ഈ ഉപകരണങ്ങള്. സന്നിധാനം, നില്ക്കല്, പമ്പ എന്നീ മൂന്ന്

സ്റ്റോറുകളുടെ ചുമതല സബ് ഇന്സ്പെക്ടര് ഹരികുമാറിനാണ്. ഉപകരണങ്ങള്ക്ക് കേടുപാടുകള് സംഭവിച്ചാല് റിപ്പയര് ചെയ്യാന് അറിവുള്ള ടെക് നിഷ്യന്മാരും സംഘത്തിലുണ്ട്. മണ്ഡല, മകരവിളക്ക് സീസണ് കഴിഞ്ഞാലും ഈ ഉപകരണങ്ങള് ശബരിമലയുടെ സുരക്ഷയ്ക്കായി ഉപയോഗിക്കുമെന്ന് സബ് ഇന്സ്പെക്ടര് ഹരികുമാര് പറഞ്ഞു.

(പി.ആർ. ശബരി-195)

## ഭക്തര്ക്ക് സുഖദര്ശനത്തിന് സൗകര്യം ഒരുക്കും: ജില്ലാ കളക്ടര് പി.ബി നൂഹ്

### *തിരക്ക് നിയന്ത്രണം കാര്യക്ഷമം പുല്മേടില് സുരക്ഷാ ക്രമീകരണങ്ങള് വര്ധിപ്പിക്കും*

ശബരിമല മണ്ഡല, മകരവിളക്ക് മഹോത്സവത്തിന്റെ അവസാന നാളുകളിലെ ഭക്തജന തിരക്ക് ഫലപ്രദമായി നിയന്ത്രിച്ച് മുഴുവന് ഭക്തര്ക്കും സുഖകരമായ ദര്ശനം സാധ്യമാക്കുമെന്ന് ജില്ലാ കളക്ടര് പി.ബി നൂഹ് പറഞ്ഞു. വ്യാഴാഴ്ച്ച രാവിലെ സന്നിധാനത്തെത്തി ഒരുക്കങ്ങള് വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ വര്ഷത്തെ അപേക്ഷിച്ച് കൂടുതല് ഭക്തര് സന്നിധാനത്തേക്ക് എത്തിക്കൊണ്ടിരിക്കയാണ്. മണ്ഡലപൂജയ്ക്ക് മുന്നോടിയായുള്ള വന് തീര്ത്ഥാടക തിരക്കിനെ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള എല്ലാ തയ്യാറെടുപ്പുകളും ഇതിനകം പൂര്ത്തിയാക്കിയിട്ടുണ്ട്. മകരവിളക്ക് കാലത്തെയും മുന്നിര്ത്തിയാണ് പ്രവര്ത്തനങ്ങള് നടത്തുന്നത്. ദുരന്ത നിവാരണ പ്രവര്ത്തനങ്ങളുടെ ഏകോപനം, മോക്ഡ്രില് എന്നിവയ്ക്ക് വരുംദിവസങ്ങളില്

ഊന്നല് നല്കും. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള പ്രവര്ത്തനങ്ങളാണ് നടത്തുക. നിലവില് തീര്ത്ഥാടകര്ക്ക് ആവശ്യമായ ഒരുക്കങ്ങള് ഏര്പ്പെടുത്തിയിട്ടുണ്ട്.

നിലക്കലില് അനുഭവപ്പെടുന്ന പാര്ക്കിംഗ് ബുദ്ധിമുട്ട് പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. മകരവിളക്ക് കാലത്തേക്ക് ഒരുക്കേണ്ട സൗകര്യങ്ങളും അടിയന്തര ഘട്ടത്തെ കൈകാര്യം ചെയ്യുന്നതിന് ഏര്പ്പെടുത്തിയ സംവിധാനങ്ങളുടെ പ്രവര്ത്തനങ്ങളും വിലയിരുത്തുകയായിരുന്നു സന്ദര്ശനത്തിന്റെ പ്രധാന ഉദ്ദേശ്യമെന്ന് ജില്ലാ കളക്ടര് പറഞ്ഞു. സന്നിധാനത്തെ ഭക്തജനങ്ങളുമായും തന്ത്രി, മേല്ശാന്തി, എക്സിക്യൂട്ടീവ് ഓഫീസര്, പോലീസുകാര്, വിവിധ വകുപ്പ് ഉദ്യോഗസ്ഥര്, മറ്റ് തൊഴിലാളികള് എന്നിവരുമായും കളക്ടര് ആശയവിനിമയം നടത്തി.

(പി.ആര്. ശബരി-196)

## പുല്മേട് പാതയില് സുരക്ഷാ ക്രമീകരണങ്ങള് വര്ധിപ്പിക്കും

ശബരിമലയിലേക്ക് പുല്മേടുവഴിയുള്ള ഭക്തരുടെ വരവ് വര്ദ്ധിച്ചതിനാല് റൂട്ടില് അധിക സുരക്ഷാ ക്രമീകരണങ്ങളൊരുക്കുമെന്ന് ജില്ലാ കളക്ടര് പി.ബി നൂഹ് പറഞ്ഞു. ശബരിമലയില് നിന്നും പുല്മേട്ടിലേക്കുള്ള പാതയിലെ സ്ഥിതിഗതികള് പരിശോധന നടത്തിയ ശേഷമാണ് കളക്ടര് ഇക്കാര്യം വ്യക്തമാക്കിയത്. മുന് വര്ഷത്തേക്കാള് കൂടുതല് ഭക്തര് ഇതുവഴി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. അതനുസരിച്ചുള്ള

സുരക്ഷാക്രമീകരണങ്ങള് ഒരുക്കും. നാലാം മൈല്വരെ പത്ത് കിലോമീറ്റര് വഴിയിലും ആവശ്യമായ വെളിച്ചസൗകര്യം ഏര്പ്പെടുത്തും. വനംവകുപ്പ്, പോലീസ് എന്നീ സുരക്ഷാ ഉദ്യോഗസ്ഥരെയും അധികമായി വിന്യസിക്കും. മേഖലയില് അനുഭവപ്പെടുന്ന മൊബൈല് ഫോണ് റേഞ്ച് കുറവ് പരിഹരിക്കാന് താല്ക്കാലികമായി ടവര് സ്ഥാപിച്ച്് മൊബൈല് നെറ്റ്വര്ക്ക്് കവറേജ് ഏര്പ്പെടുത്താന് ബി.എസ്.എന്.എലിനോട് നിര്ദ്ദേശിക്കുമെന്നും അദ്ദേഹം പറഞ്ഞു. റവന്യൂ, പോലീസ് ഉദ്യോഗസ്ഥരെ ഏകോപിപ്പിച്ചുള്ള ക്രമീകരണങ്ങളാണ് ഒരുക്കുക. ഇതിനായി പ്രത്യേകം ഉദ്യാഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. തീര്ഥാടകരുമായും കളക്ടര് ആശയവിനിമയം നടത്തി പുല്ലുമേട് പാതയിലെ ബുദ്ധിമുട്ടുകള് മനസിലാക്കി. കളക്ടര്ക്കൊപ്പം തിരുവല്ല സബ് കളക്ടര് ഡോ. വിനയ് ഗോയല്, എഎസ്പി അങ്കിത് അശോക്, ഡ്യൂട്ടി മജിസ്ട്രേറ്റ് ബിജു തുടങ്ങിയവരും പുല്മേട് പാതയിലെ സ്ഥിതിഗതികള് വിലയിരുത്താന് എത്തിയിരുന്നു.

(പി.ആർ. ശബരി-197)

## ആചാരപ്പെരുമയില് മണര്കാട് സംഘം പണക്കിഴി സമര്പ്പിച്ചു

ആചാരപ്പെരുമയില് മണര്കാട് സംഘം ഇത്തവണയും ശബരീശ സന്നിധിയില് എത്തി പണക്കിഴി സമര്പ്പിച്ചു. തുടര്ച്ചയായി 25 ാമത്തെ വര്ഷമാണ് ദേശത്തെ ഭക്തജനങ്ങള് നല്കുന്ന കാണിക്കയുമായി സംഘം സന്നിധിയില് എത്തുന്നത്. പെരിയസ്വാമി ആര്.രവിമനോഹറിന്റെ നേതൃത്വത്തിലുള്ള 37 അംഗ

സംഘമായിരുന്നു ഇത്തവണത്തേത്. മണര്കാട് ഭഗവതി ദേവസ്വം ഭരണസമിതി സെക്രട്ടറിയും സംഘാംഗവുമായ പ്രകാശ് കുമാര് ചിറക്കലാണ് ശരണം വിളികളാല് മുഖരിതമായ അന്തരീക്ഷത്തില് നീലപ്പട്ടില് പൊതിഞ്ഞ പണക്കിഴി ഭഗവാന് മുമ്പില് സമര്പ്പിച്ചത്.

ധനു മാസം ഒന്നിന് കെട്ടുനിറച്ച്് ഇറങ്ങിയ സംഘം പരമ്പരാഗത കാനന വഴികള് പിന്നിട്ട് 3 ന് ഉച്ചയ്ക്ക് 12 മണിയോടെയാണ് സന്നിധാനത്ത് എത്തിയത്. 1995 മുതല് മുടങ്ങാതെ നടത്തിവരുന്ന ആചാരം ഇത്തവണയും പൂര്ത്തിയാക്കിയതിന്റെ നിര്വൃതിയിലാണ് ജോയിന്റ് സെക്രട്ടറി എം.എന് സുരേഷ്കുമാര്, ഖജാന്ജി കെ.എസ് സുനില്കുമാര് തുടങ്ങിയവര് നേതൃത്വം നല്കിയ സംഘം മലയിറങ്ങിയത്.

(പി.ആര്. ശബരി198)

## ശബരിമല നാളത്തെ (20.12.19 ) വെള്ളിയാഴ്ചത്തെ പൂജാ വിശേഷങ്ങൾ .......

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണി..... തിരുനട തുറക്കൽ
3.05 ന്..... നിർമ്മാല്യ ദർശനം
3.10 ന് ... അഭിഷേകം
3.20 ന് .... നെയ്യഭിഷേകം
3.30 ന് ....ഗണപതിഹോമം
നെയ്യഭിഷേകം 3.20 മുതൽ 7 മണിവരെയും
8 മണി മുതൽ 11.15 വരെയും
7.30 ന് .....ഉഷപൂജ
11.50 ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം

12.30ന് ....ഉച്ചപൂജ
തുടർന്ന് 1 മണിക്ക് നട അടയ്ക്കും.
4 മണി ..... നട തുറക്കൽ
6.30ന് ...ദീപാരാധന
7 മണിക്ക് ...പുഷ്പാഭിഷേകം
9.30 ന് ....അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.